തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിലെ ശമ്പളം ലഭിക്കാത്ത അദ്ധ്യാപകർ

111 [153] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിലെ ഏതാനും അദ്ധ്യാപകർക്കു കഴിഞ്ഞ നാലഞ്ചു മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തസ്തികകൾക്കു കണ്ടിന്യൂവേഷൻ സാംഗ്ഷൻ ലഭിക്കാത്തതു കൊണ്ടാണ് പ്രസ്തുത അദ്ധ്യാപകർക്കു ശമ്പളം ലഭിക്കാത്തത് എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഉത്തരവു നൽകാൻ കാലവിളമ്പം ഉണ്ടായതിൻെറ കാരണമെന്ത്;

(ഡി) ഇക്കാര്യത്തിൽ കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥൻമാരുടെമേൽ വേണ്ട ശിക്ഷണ നടപടിയെടുക്കുമോ;

(ഇ) ഇനിയും കാലതാമസം വരുത്താതെ പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകാനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യം

112 [154] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്ക് സെക്കണ്ടറി വിദ്യാഭ്യാസം കിട്ടുവാൻ വേണ്ടുന്ന സൗകര്യം കേരളത്തിൽ ഇല്ലെന്നുള്ള സംഗതി സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ഏതെങ്കിലും അന്ധ-ബധിര-മൂക വിദ്യാലയം അപ്ഗ്രേഡ് ചെയ്ത് സെക്കണ്ടറി വിദ്യാഭ്യാസം അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു സ്ഥലത്തെ സ്കൂളാണ് അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സെക്കണ്ടറി വിദ്യാഭ്യാസം അനുവദിച്ചു കിട്ടാത്തതിനാൽ സാധാരണക്കാരായ അന്ധ-ബധിര-മൂക വിദ്യാർത്ഥികൾ സെക്കണ്ടറി വിദ്യാഭ്യാസത്തിനു വഴിയില്ലാതെ ഗതിമുട്ടി നിൽക്കുന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) അയൽ സംസ്ഥാനമായ മദ്രാസ്സിലെ അന്ധ-ബധിര-മൂക വിദ്യാലയത്തിലെ സെക്കണ്ടറി വിദ്യാഭ്യാസത്തിനു മലയാളം പഠിച്ച കുട്ടികൾക്കു അഡ്മിഷൻ കിട്ടാതെ വരുന്നതുമൂലം ഉന്നത വിദ്യാഭ്യാസം തുടർന്നു പോകുവാനും സാധിക്കാതെ വരുന്ന സ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly